"ഗ്രാമപഞ്ചായത്തുകളുടെ വരുമാന കുടിശ്ശിക"

94 [3483] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2003-04-ൽ ഓരോ ജില്ലയിലും ഇപ്രകാരം എത്ര രൂപ കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

തിരുവനന്തപുരം	..	4,09,63,899
കൊല്ലം	..	2,25,80,809
പത്തനംതിട്ട	..	2,05,31,830
കോട്ടയം	..	3,85,07,742
ആലപ്പുഴ	..	2,29,84,417
ഇടുക്കി	..	2,35,57,000
എറണാകുളം	..	3,75,98,614
തൃശ്ശൂർ	..	2,83,91,033
പാലക്കാട്	..	3,95,45,014
മലപ്പുറം	..	3,70,42,478
കോഴിക്കോട്	..	2,29,01,407
വയനാട്	..	1,65,93,734
കണ്ണൂർ	..	6,82,283
കാസർഗോഡ്	..	65,87,954

ത്രിതല പഞ്ചായത്തു സ്ഥാപനങ്ങൾ പദ്ധതി തുക ചെലവഴിക്കുന്ന രീതി

95 [3484] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ അതാത് മാസം പദ്ധതി തുക ചെലവഴിക്കണമെന്ന വ്യവസ്ഥ മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ ചെലവഴിക്കാതെ വരുന്ന തുക ലാപ്സാകാതെ വീണ്ടും ചെലഴിക്കുന്നതിന് അനുമതി നൽകുമോ?

ഉത്തരം

(എ) 9-7-2003-ലെ ജി. ഒ.(പി) 381/2003/ഫി എന്ന ഉത്തരവനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് മാസ ഗഡുക്കളായിട്ടാണ് പദ്ധതി വിഹിതം നൽകുന്നത്. അതാത് മാസം തന്നെ ഈ തുക ചെലവഴിക്കണമെന്ന് ഈ ഉത്തരവിൽ വ്യവസ്ഥയില്ല.

(ബി) ഉദിക്കുന്നില്ല.

എസ്. സി./എസ്. ടി. വിഭാഗക്കാർക്കുള്ള വികസന പ്രവർത്തനങ്ങൾ

96 [3485] ശ്രീ. യു. സി. രാമൻ:
,, സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതിപ്രകാരം ത്രിതല പഞ്ചായത്തുകളിൽ എസ്. ജി. ആർ. വൈ. സ്കീമിൽ എസ്. സി./എസ്. ടി. വിഭാഗങ്ങൾക്കായി ചെലവഴിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് 51% ഗുണഭോക്താക്കൾ എസ്. സി./ എസ്. ടി. വിഭാഗക്കാരായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇത് പലഭാഗത്തും ലംഘിക്കുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഇങ്ങനെ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly